ശ്രീ. സി. കേശവൻ: തിരുവിതാംകൂറിൽ ചില താലൂക്കുകളിൽ, അതായതു് തിരുവല്ല, കോട്ടയം മുതലായ മുനിസിപ്പാലിറ്റികളിൽ, പബ്ലിക്കു് സർവ്വീസു് റൂൾസു് അനുസരിച്ചാണു് ഉദ്യോഗനിയമനം നടന്നുവരുന്നതു്. മറ്റു മുനിസിപ്പാലിറ്റികളുടെ കാര്യം ആലോചനാവിഷയമാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: മറ്റു മുനിസിപ്പാലിറ്റികളിലെ നിയമനങ്ങളുടെ ഉത്തരവാദിത്വം ആർക്കാണു്?

ശ്രീ. സി. കേശവൻ: എപ്പോഴും ഇപ്പോഴും മുനിസിപ്പാലിറ്റികൾക്കു തന്നെയാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: മുനിസിപ്പാലിറ്റികൾതന്നെയാണോ നിയമനം നടത്തുന്നതു്?

ശ്രീ. സി. കേശവൻ: അതെ.

ശ്രീ. എ. കെ. പാച്ചുപിള്ള: ഗവൺമെണ്ടിനു് അതിൽ മേൽനോട്ടമില്ലേ?

ശ്രീ. സി. കേശവൻ: മേൽനോട്ടമില്ല

ശ്രീ. ഈപ്പൻ അറക്കൽ: മുനിസിപ്പാലിറ്റികൾ നിയമനം നടത്തുന്നതു പബ്ലിക്കു് സർവ്വീസു് ചട്ടങ്ങൾ അനുസരിച്ചാണെന്നു ഗവൺമെണ്ടിനറിയാമോ?

ശ്രീ. സി. കേശവൻ: പബ്ലിക്കു് സർവ്വീസു് ചട്ടം അനുസരിച്ചു് നിയമനം നടത്തണമെന്നു ഗവൺമെണ്ടു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. സി. വി. ഐപ്പു: കൊച്ചി വിഭാഗത്തേക്കു് എന്നു പറഞ്ഞാൽ, ഇപ്പോഴത്തെ പുത്തൻ കൊച്ചിയിൽ പറവൂരും ആലങ്ങാടും ഉൾപ്പെട്ടുമോ?

ശ്രീ. സി. കേശവൻ: ആ ചോദ്യം ഇതിൽനിന്നു് ഉത്ഭവിക്കുന്നില്ല.

പഞ്ചായത്തു ജോലികൾ

*ക്വ. ർ. (ക്ക) ശ്രീ. കെ. കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പാഞ്ഞാൾ പഞ്ചായത്തിൻകീഴിൽ ചേരക്കുളം റിപ്പയർ ചെയ്യുന്നതു് ഏതു വർഷത്തിലാണു്?

(ബി) അതിലേക്കു് എത്ര സ്ഥലം സ്വകാര്യ ഉടമകളിൽനിന്നു് അക്വയർചെയ്തു?

(സി) ആയവക സംഖ്യ ഗവൺമെണ്ടു് കൊടുത്തുതീർത്തിട്ടുണ്ടോ?

(ഡി) ഇല്ലെങ്കിൽ അതിനു കാരണമെന്തു്?

ചീഫ്മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ക്വ ക്വ ന—ൽ.

(ബി) ൻ്റു സെൻറ്.

(സി) അതേ.

ശ്രീ. കെ. കുഞ്ഞിരാമമേനോൻ: ഇത്രയും കാലതാമസം വരുവാൻ കാരണമെന്താണു്?

ശ്രീ. സി. കേശവൻ: ഈ മാർച്ചുമാസം ൨൦-ാം തീയതിക്കകം അതു കൊടുക്കുവാനായിട്ടു നിശ്ചയിച്ചിരിക്കയാണു്.

LIBRARY ARCHIVES Kerala Legislative Assembly